"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - ഇടുക്കി ജില്ല - വെള്ളയാംകുടി എസ്.ജെ.എച്ച്.എസ്.എസ് ലെ എച്ച്.എസ്.റ്റി (ഗണിതം) ശ്രീമതി.ബിന്ദു ജോസഫിന്റെ നിയമനാംഗീകാരം - ഇടുക്കി രൂപതാ കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച കാറ്റഗറി 1 റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.**3939/2025/GEDN** തീയതി,തിരുവനന്തപുരം, **18-06-2025**

---

പരാമർശം:-

1. ഇടുക്കി രൂപതാ കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച **17/3/2025** ലെ കാറ്റഗറി 1 റിവിഷൻ ഹർജി.
2. കട്ടപ്പന ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **8/5/2025** ലെ **DEOKTP/501/2025-B4** നമ്പർ കത്ത്
3. ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറുടെ **21/5/2025** ലെ **DDEIDK/1396/2025-B5**നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **22/5/2025** ലെ ഇസി**2/6805/2025/**ഡിജിഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ വെള്ളയാംകുടി എസ്.ജെ.എച്ച്.എസ്.എസ് ലെ എച്ച്.എസ്.റ്റി (ഗണിതം) ശ്രീമതി. ബിന്ദു ജോസഫിന്റെ നിയമനാംഗീകാരം സംബന്ധിച്ച് ടി സ്ക്കൂൾ കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച കാറ്റഗറി 1 റിവിഷൻ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി ചുമതലപ്പെടുത്തിയ പ്രകാരം മാനേജരുടെ പ്രതിനിധി, ശ്രീമതി.ബിന്ദുജോസഫ്, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ പ്രതിനിധികളെ **23.05.2025** ൽ ഗൂഗിൾ മീറ്റ് വഴി കേൾക്കുകയുണ്ടായി.

(2) റിവിഷൻ ഹർജിയിലെ സംഗ്രഹവും ഹിയറിംഗ് വേളയിലെ മാനേജരുടെ

പ്രതിനിധിയുടെ വാദവും ചുവടെ ചേർക്കുന്നു.

ശ്രീമതി ബിന്ദു ജോസഫിന്റെ വെള്ളയാംകുടി, സെൻ്റ് ജെറോംസ് ഹയർസെക്കൻഡറി സ്കൂളിലെ **01-04-2010** മുതൽ **31-01-2012** വരെയുള്ള സിസ്റ്റർ മറിയക്കുട്ടി റ്റി.ജെ.യുടെ ശൂന്യവേതനാവധി ഒഴിവിലെ ഗണിതശാസ്ത്രാദ്ധ്യാപിക തസ്തികയിലെ **15.07.2010** മുതൽ **31.05.2011** വരെയുള്ള തടസ്സപ്പെട്ടിരിക്കുന്ന നിയമനാംഗീകാരത്തിനുള്ള അനുമതി അപേക്ഷിച്ചുകൊണ്ട് സമർപ്പിച്ചിരുന്ന പുനഃപരിശോധനാ ഹർജിയിന്മേൽ സമർപ്പിക്കുന്ന ന്യായവാദങ്ങൾ.

**1.** ശ്രീമതി ബിന്ദു ജോസഫിന്റെ **15.07.2010** മുതലുള്ള ഉദ്യോഗക്കയറ്റ നിയമനം നിരസിക്കുവാനുണ്ടായ കാരണം ടി സ്കൂളിൽ സംരക്ഷിതാധ്യാപകർക്കായി നീക്കിവച്ചിട്ടുള്ള ഒഴിവിൽ, അവരെ പുനർവിന്യസിക്കുന്ന തീയതി മുതൽ മാത്രമേ പ്രസ്തുത നിയമനം അംഗീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്നതായിരുന്നു.

**2.** ഈ തടസ്സവാദം താഴെ വിവരിക്കുന്ന കാരണങ്ങളാൽ നിലനിൽക്കുന്നതല്ല.

**i)** ശ്രീമതി ബിന്ദു ജോസഫിന്റെ **07.07.2005** മുതലുള്ള യു.പി.എസ്.റ്റി. നിയമനം ഒഴിവുള്ളിടത്തോളം കാലത്തേയ്ക്ക് അടിമാലി ഉപജില്ലാ ഓഫീസർ തന്റെ **26.07.2006** ലെ ഇ-**3260/06**/ദീ.തീ. എന്ന ഉത്തരവ് മുഖേന അംഗീകരിച്ചിട്ടുള്ളതാണ്. ഉത്തരവിന്റെ പകർപ്പ് സമർപ്പിക്കുന്നു. ചട്ടം **43** അവകാശിയെന്ന പരിഗണനയിലാണ് **15.07.2010** മുതലുള്ള വെള്ളയാംകുടി സെന്റ് ജെറോംസ് ഹയർസെക്കൻഡറി സ്കൂളിലെ സിസ്റ്റർ മറിയക്കുട്ടി റ്റി.ജെ.യുടെ **15.07.2010** മുതൽ **31.10.2012** വരെയുള്ള ശൂന്യവേതനാവധിയിലെ ടിയാളുടെ ഉദ്യോഗക്കയറ്റ നിയമനം. അതിനാൽ സംരക്ഷിതാധ്യാപകനെ ഈ ഒഴിവിൽ നിയമനക്കണമെന്ന നിബന്ധന ശ്രീമതി ബിന്ദു ജോസഫിന് ബാധകമല്ല.

**ii)** കെ.ഇ.ആർ. അധ്യായം **XIVA** ചട്ടം **51 A, 43** അവകാശികൾക്ക് സംരക്ഷിതാധ്യാപകരേക്കാൾ മുൻഗണനയുണ്ടെന്ന് കോടതി വിധിയുണ്ടെന്നും പ്രസ്തുതകോടതിവിധി പൊതു ഉത്തരവായി പരിഗണിക്കണമെന്നും വിദ്യാഭ്യാസ വകുപ്പ് മേധാവിയുടെ **07.05.1976** ലെ എച്ച്**(1)-61173/76** എന്ന കത്തിൽ

വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ സംരക്ഷിതാധ്യാപകനെ നിയമിച്ചിട്ടില്ലയെന്ന തടസ്സവാദം നിയമാനുസൃതമല്ല.

**iii)** ഇപ്രകാരം ചട്ടം **43, 51A, 51B** അവകാശികൾക്ക് സംരക്ഷിതാധ്യാപകരേക്കാൾ മുൻഗണനയുണ്ടെന്ന് വ്യക്തമാക്കുന്ന വളരെയേറെ സർക്കാർ ഉത്തരവുകളുണ്ട്. അവയിൽ ചിലത് താഴെ വിവരിക്കുന്നു.

**a)** പുനലൂർ ഗേൾസ് ഹൈസ്കൂളിലെ ശ്രീമതി അഞ്ജന ജി.പി., യു.പി.എസ്.റ്റി. സമർപ്പിച്ച നിവേദനം തീർപ്പാക്കിക്കൊണ്ടുള്ള **02.05.2019** ലെ സ.ഉ.(സാധാ) **1557/19**/പൊ.വി.വ. എന്ന ഉത്തരവ്

**b)** തൃശൂർ, കൂരിക്കുഴി എ.എം.യു.പി.എസ്.ലെ എൽ.പി.എസ്.റ്റി. ശ്രീമതി അമ്പിളിവാസുദേവൻ കരയിൽ ബഹു കേരള ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് ഹർജിയിലെ വിധിന്യായം നടപ്പിലാക്കി പുറപ്പെടുവിച്ച് **10.08.2021** ലെ സ.ഉ.(സാധാ)**3616/21**/പൊ.വി.വ. എന്ന ഉത്തരവ്.

**c)** പാലക്കാട് ജില്ലയിലെ പൊൽപുള്ളി കെ.വി.എം.യു.പി.എസ്.ലെ ഹിന്ദി അധ്യാപിക ശ്രീമതി ജാൻസി ജോസഫിന്റെ പുനഃപരിശോധനാ ഹർജിയിൽ തീരുമാനംകൈക്കൊണ്ട് **20.09.2021** ലെ സ.ഉ.(സാധാ) **4164/21**/പൊ.വി.വ. എന്ന ഉത്തരവ്.

ഈ സാഹചര്യത്തിൽ, സംരക്ഷിതാധ്യാപകർക്കായി നീക്കിവച്ച ഒഴിവിൽ അവർജോലിയിൽ പ്രവേശിച്ചിട്ടില്ല എന്ന വിഷയമേ പരിഗണിക്കേണ്ടതില്ല. അതിനാൽ വെള്ളയാംകുടി സെൻ്റ് ജെറോംസ് ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.റ്റി.(ഗണിതം)ശ്രീമതി ബിന്ദു ജോസഫിന്റെ **15.07.2010** മുതൽ **31.05.2011** വരെയുള്ള ഉദ്യോഗക്കയറ്റ നിയമനം അംഗീകരിക്കുവാനുള്ള നിർദ്ദേശം കട്ടപ്പന ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്ന് അപേക്ഷിക്കുന്നു.

**(3)** ശ്രീമതി.ബിന്ദു ജോസഫിന്റെ വാദം.

താൻ **07/07/2025** ൽ **UPSA** ആയി **Mankulam St.Mary's UP** സ്ക്കൂളിൽ **Continuous Service** ആരംഭിച്ചു. തുടർന്ന് **15.07.2010** ൽ **St.Jerome's HSS** ലെ

**Sr.Mariakutty T.J Leave** എടുത്ത ഒഴിവിലേയ്ക്ക് തന്നെ **HST (Maths)** ആയി **promotion** നൽകി നിയമിച്ചു. ഈ സ്ക്കൂളിൽ **15/7/2010** മുതൽ **12/8/2012** വരെ ജോലി ചെയ്തു. എന്നാൽ **15.07.2010** മുതൽ **31.05.2011** വരെ കാലയളവിലെ **HST** നിയമനം അംഗീകരിച്ചിട്ടില്ല. **1.06.2011** മുതൽ നാളിതുവരെയുള്ള നിയമനം അംഗീകരിച്ചിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ **15.07.2010** മുതൽ **31.05.2011** വരെ കാലയളവിലെ **HST** നിയമനം അംഗീകരിച്ച് ലഭിക്കുന്നതിനുവേണ്ടിയാണ് ഈ ഹർജി സമർപ്പിച്ചിരിക്കുന്നത് എന്ന വിവരം ബോധിപ്പിച്ച് കൊള്ളുന്നു.

**(4)** വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ഇടുക്കി വാഴത്തോപ്പ് സെന്റ് ജോർജ് യു.പി.സ്കൂളിൽ **07.07.2005** മുതൽ യു.പി.എസ്.ടി ആയി അംഗീകാര സേവനമുള്ള ശ്രീമതി.ബിന്ദു ജോസഫിനെ ശൂന്യവേതനാവധി ഒഴിവിൽ **15.07.2010** മുതൽ എച്ച്.എസ്.ടി (ഗണിതം) അധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിച്ചു. സംരക്ഷിതാധ്യാപകർക്കായി മാറ്റിവെച്ച ഒഴിവിൽ ആരും ജോലി ചെയ്യുന്നില്ല എന്നതിനാൽ ടി നിയമനം ജില്ലാവിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. തുടർന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ സമർപ്പിച്ചിരുന്നു. ജില്ലാവിദ്യാഭ്യാസ ഓഫീസർ ഉന്നയിച്ച തടസ്സവാദം നിലനിന്നിരുന്നതിനാൽ റിവിഷൻ അപ്പീൽ നിരസിച്ചു. പിന്നീട് ടിയാളെ അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി എച്ച്.എസ്.ടി (ഗണിതം) തസ്തികയിലെ നിയമനം **01.06.2011** മുതൽ അംഗീകരിച്ച് നൽകി. **15.07.2010** മുതൽ **31.05.2011** വരെയുള്ള കാലയളവ് അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടാണ് റിവിഷൻ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്.

അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി **01.06.2011** മുതൽ നിയമനാംഗീകാരം ലഭിച്ച അധ്യാപകരുടെ മുൻകാല സേവനങ്ങൾ പ്രത്യേകം പ്രത്യേകം കേസുകളായി സർക്കാർ തലത്തിൽ പരിഗണിക്കാവുന്നതാണ് എന്ന് **25.10.2011** ലെ ജെ**2/60930/11/**പൊ.വി.വ നമ്പർ സർക്കാർ കത്ത് പ്രകാരം നിർദേശിച്ചിട്ടുണ്ട്. സിസ്റ്റർ.മരിയകുട്ടി.റ്റി.ജെ **01.04.2010** മുതൽ **31.01.2012** വരെശൂന്യവേതനാവധി എടുത്ത ഒഴിവിലാണ് **15.07.2010** മുതൽ ശ്രീമതി.ബിന്ദുജോസഫ് ന് സ്ഥാനക്കയറ്റം നൽകി നിയമിച്ചിരിക്കുന്നത്.

സിസ്റ്റർ.മരിയകൂട്ടി.റ്റി.ജെ ക്ക് ശുന്യവേതനാവധി അനുവദിച്ചിട്ടുള്ളതിനാൽ ശ്രീമതി.ബിന്ദു ജോസഫ് 15.07.2010 മുതൽ നിയമിക്കാൻ ഒഴിവ് വ്യവസ്ഥാപിതമാണ്. 25.10.2011 ലെ ജെ2/60930/11/പൊ.വി.വ നമ്പർ സർക്കാർ കത്ത് നിർദേശ പ്രകാരം ടിയാളുടെ 15.07.2010 മുതൽ 31.05.2011 വരെയുള്ള നിയമനം സർക്കാർ തലത്തിൽ പപരിഗണിക്കാവുന്നതാണ് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

(5) റിവിഷൻ ഹർജി മേൽ വസ്തുതകൾ, ഹിയറിംഗ് സമയത്തെ വാദം, വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ട് നിലവിലുള്ള ചട്ടങ്ങൾ /ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

വെള്ളയാംകുടി സെന്റ് ജെറോംസ് ഹയർ സെക്കൻഡറി സ്ക്കൂളിലെ എച്ച്.എസ്.റ്റി.(ഗണിതം) ശ്രീമതി.ബിന്ദുജോസഫിന്റെ 15/07/2010 മുതൽ 31.05.2011 വരെയുള്ള ഉദ്യോഗക്കയറ്റ നിയമനം അംഗീകരിക്കാനുള്ള നിർദ്ദേശം കട്ടപ്പന ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം.

വെള്ളയാംകുടി SJHS - ൽ HST ഗണിതം ആയ സി.മറിയക്കുട്ടി റ്റി.ജെ 01/04/2010 മുതൽ 31/01/2012 വരെ ശൂന്യവേതനാവധി എടുത്ത ഒഴിവിൽ UPST ആയിരുന്ന ശ്രീമതിബിന്ദു ജോസഫിന് സ്ഥാനക്കയറ്റം നൽകി 15/07/2010 മുതൽ 31-01-2012 വരെ HSTഗണിതം ആയി നിയമിച്ചു. അടിമാലി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 26/7/2006 ലെ E 3260/06/K Dis നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി ബിന്ദു ജോസഫിന് 7/7/2005 മുതൽ UPST തസ്തികയിൽ അംഗീകൃത സർവീസുണ്ട്. SJHSS വെള്ളയാംകുടി പുതുതായി ആരംഭിച്ച സ്കൂളുകളുടെ വിഭാഗത്തിൽ പെടുന്നതിനാൽ 19/11/2009 ലെ 38929/J1/09/GEdn നമ്പർ സർക്കുലർ പ്രകാരം സംരക്ഷിതാധ്യാപകർക്കായി മാറ്റി വെച്ചിട്ടുള്ള - HST – ഇംഗ്ലീഷ് തസ്തികയിൽ സംരക്ഷിതാധ്യാപകരെ നിയമിച്ചതിനുശേഷം മാത്രമേ നിയമനം അംഗീകരിക്കാൻ സാധിക്കുകയുള്ളു എന്നതിനാലും, മാനേജർ സമർപ്പിച്ചിട്ടുള്ള ഡിക്ലറേഷൻ പൂർണമല്ല എന്നതിനാലും കട്ടപ്പന ജില്ലാ വിദ്യാഭ്യാസ ഓഫീസർ - HSTഗണിതം തസ്തികയിലുള്ള ഈ നിയമനം നിരസിച്ചു.

മാനേജർ ഈ ഉത്തരവിനെതിരെ ഈ കാര്യാലയത്തിൽ അപ്പീൽ സമർപ്പിച്ചു. വെള്ളയാംകുടി **SJHS** പുതുതായി ആരംഭിച്ച സ്കൂളുകളുടെ വിഭാഗത്തിൽപെടുന്നതിനാൽ ഈ സ്ക്കൂളിൽ **1/2/2006** ലെ **GO (P) 46/2006/G Edn** നമ്പർ ഉത്തരവ് പ്രകാരം ഒരു സംരക്ഷിതാധ്യാപകനെ നിയമിക്കേണ്ടതിനാലും, സംരക്ഷിതാധ്യാപക നിയമനത്തിനായി **HST** ഇംഗ്ലീഷ് തസ്തിക മാറ്റി വച്ചിട്ടുണ്ടെങ്കിലും, **19/11/2009** ലെ **8929/J1/09/GEdn** നമ്പർ സർക്കുലർ പ്രകാരം സംരക്ഷിതാധ്യാപകൻ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ മാത്രമേ മറ്റ് നിയമനങ്ങൾ അംഗീകരിക്കാവൂ എന്നതിനാലും ഈ അപ്പീൽ നിരസിച്ചു. പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ റിവിഷൻ അപ്പീലും നിരസിക്കപ്പെട്ടു.

തുടർന്ന് **01/10/2011** ലെ സ.ഉ.(അച്ചടി) **199/11**/പൊ.വി.വ പ്രകാരം അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി **HST** ഗണിതം തസ്തികയിൽ **01/04/2010** മുതൽ **31/01/2012** വരെയുള്ള ശൂന്യവേതനാവധി ഒഴിവിലുള്ള ശ്രീമതി. ബിന്ദു ജോസഫിന്റെ നിയമനം **01/06/2011** മുതൽ **31-01-2012** വരെ അംഗീകരിച്ചു നല്കിയിട്ടുള്ളതാണ്. അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി **01.06.2011** മുതൽ നിയമനാംഗീകാരം ലഭിച്ച അധ്യാപകരുടെ മുൻകാല സേവനം അംഗീകരിക്കുന്നതിന് ഓരോന്നും പ്രത്യേകം പ്രത്യേകം കേസുകളായി പരിഗണിക്കുന്നതിനാണ് **25.10.2011** ജെ**2/60930/2011**/പൊ.വി.വ നമ്പർ കത്ത് പ്രകാരം നിർദേശിച്ചിട്ടുള്ളത്.

സി.മറിയക്കുട്ടി റ്റി.ജെ **(HST** ഗണിതം, **SJHS** വെള്ളയാംകുടി) **1/2/2012** മുതൽ**20/12/2012** വരെ ശൂന്യവേതനാവധി നീട്ടിയെടുത്ത ഒഴിവിൽ ശ്രീമതി ബിന്ദു ജോസഫിന്റെ നിയമനം **1/2/2012** മുതൽ **20/12/2012** വരെ - അംഗീകരിക്കപ്പെട്ടിരുന്നു. പിന്നീട് പുന്നയാർ**S THS** ൽ **13/8/12** മുതൽ തുടർച്ചയായി **HST** ഗണിതം തസ്തികയിലുള്ള ടിയാളുടെ നിയമനം **28/1/13** ലെ **B3/5765/2012/K - Dis** നമ്പർ ഉത്തരവിലൂടെ കട്ടപ്പന ജില്ലാ വിദ്യാഭ്യാ സഓഫീസർ അംഗീകരിച്ചിട്ടുമുണ്ട്.

ശ്രീമതി. ബിന്ദു ജോസഫ് കെ.ഇ.ആർ.ചട്ടം **43** അവകാശിയും ടിയാളുടെ **15.07.2010** മുതലുള്ള നിയമനം നടത്തിയിട്ടുള്ളത് സിസ്റ്റർ മറിയം കുട്ടി റ്റി.ജെ

**01/4/2010** മുതൽ **31.01.2012** വരെ ശൂന്യവേതനാവധി എടുക്കുന്ന ഒഴിവിലാണ്. സിസ്റ്റർ മറിയം കുട്ടി റ്റി.ജെ ക്ക് ശൂന്യവേതനാവധി അനുവദിച്ചിട്ടുള്ളതിനാൽ ശ്രീമതി.ബിന്ദു ജോസഫിനെ **15.07.2010** മുതൽ നിയമിക്കാൻ ഒഴിവ് വ്യവസ്ഥാപിതവുമാണ്.

മേൽ സാഹചര്യത്തിൽ വെള്ളയാംകുടി സെന്റ് ജെറോംസ് ഹയർ സെക്കൻഡറി സ്ക്കൂളിലെ എച്ച്.എസ്.റ്റി (ഗണിതം)ശ്രീമതി. ബിന്ദു ജോസഫിന്റെ **15.07.2010** മുതൽ **31.05.2011** വരെയുള്ള നിയമനം മറ്റു വിധത്തിലും ക്രമപ്രകാരമെങ്കിലും അനുവദിച്ച് നൽകുവാൻ കട്ടപ്പന ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി മാനേജർ സമർപ്പിച്ച കാറ്റഗറി **1** റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.മേയോ ഭാസ്ക്കർ

ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-14

വിദ്യാഭ്യാസ ഉപഡയറക്ടർ, ഇടുക്കി, തൊടുപുഴ പി ഓ

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കട്ടപ്പന

കോർപ്പറേറ്റ് മാനേജർ, ഇടുക്കി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, കരിമ്പൻ, മണിപ്പാറ പി ഓ, ഇടുക്കി ജില്ല

ശ്രീമതി. ബിന്ദു ജോസഫ്, എച്ച്.എസ്.റ്റി (ഗണിതം), എസ് ജെ എച് എസ് എസ്, വെള്ളയാംകുടി, ഇടുക്കി ജില്ല

ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Asha Rani M
Date: 18-06-2025 14:16:03

സെക്ഷൻ ഓഫീസർ